(സി) സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്ക് അർഹതപ്പെട്ട എല്ലാ ആനുകൂല്യങ്ങളും യഥാസമയം ലഭ്യമാക്കി വരുന്നു.

പട്ടികജാതി-പട്ടികവർഗ്ഗക്കാരോടുള്ള ക്രൂരത തടയുന്നതിനുള്ള നിയമം

125 [1811] ശ്രീ. കെ. എ. ചന്ദ്രൻ:
" എൻ. ശക്തൻ:
" വി. ബാലറാം:
" എം. കെ. പോൾസൺ മാസ്റ്റർ:
" എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി-പട്ടികവർഗ്ഗക്കാരോടുള്ള ക്രൂരത തടയുന്നതിനുള്ള നിയമ പ്രകാരം എത്രപേരുടെ മേൽ കേസ് എടുത്തിട്ടുണ്ട്;

(ബി) ആകെ എത്ര കേസുകൾ ഈ നിയമ പ്രകാരം പ്രസ്തുത കാലഘട്ടത്തിൽ എടുത്തിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 2413 പേരുടെ മേൽ കേസ് എടുത്തിട്ടുണ്ട്.

(ബി) 1019 കേസുകൾ ഇതു സംബന്ധിച്ച് എടുത്തിട്ടുണ്ട്.

പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമപ്രവർത്തനങ്ങൾ

126 [1812] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഴൽമന്ദം മണ്ഡലത്തിൽ എത്ര പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾ ഉണ്ട്.

(ബി) അവയിൽ ഓരോന്നിലും എത്ര കുടുംബങ്ങൾ ഉണ്ടെന്നും എത്ര കുടുംബങ്ങൾക്ക് വൈദ്യുതി, വെള്ളം എന്നിവ ലഭിക്കാതെയുണ്ടെന്നും വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ പട്ടികജാതി കോളനികളുടെ ക്ഷേമത്തിനുവേണ്ടി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്നും ഇതിനുവേണ്ടി കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ എന്തുതുക ചെലവഴിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കുഴൽമന്ദം മണ്ഡലത്തിൽ 317 പട്ടികജാതി കോളനികൾ ഉണ്ട്. പട്ടികവർഗ്ഗകോളനികൾ ഒന്നും ഇല്ല.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) വികേന്ദ്രീകൃതാസൂത്രണത്തെതുടർന്ന് കോളനികളുടെ വികസന പ്രവർത്തനങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ളതിനാൽ, വികസന പ്രവർത്തനങ്ങളും ഇതിനുവേണ്ടി ചെലവഴിച്ച തുകയും സംബന്ധിച്ച വിവരം തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ചുവരുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ വികസനത്തിനായുള്ള സാമൂഹ്യക്ഷേമ പദ്ധതികളുടെ നടത്തിപ്പ്

127 [1813] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
„ വി. കെ. ചന്ദ്രൻ:
„ ടി. കെ. ബാലൻ:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വികസനത്തിനായുള്ള സാമൂഹ്യക്ഷേമ പദ്ധതികൾ പൂർണ്ണമായും ഇപ്പോൾ നടപ്പിൽ വരുത്തുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടായിരുന്ന ഏതെല്ലാം അധികാരങ്ങൾ സർക്കാർ തിരിച്ചുപിടിക്കുകയുണ്ടായി;

(സി) ക്ഷേമ പദ്ധതികൾക്കായി തന്നാണ്ടിൽ ബഡ്ജറ്റിൽ വകയിരുത്തിയ മൊത്തം തുകയിൽ വകുപ്പ് നേരിട്ട് ചെലവഴിക്കാനുദ്ദേശിച്ച തുക എത്ര; ഇതിനകം ചെലവഴിച്ചതെത്ര; തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ചെലവഴിക്കുന്നതിനായി എന്ത് തുക നൽകുകയുണ്ടായി. എന്ത് തുക ഇതിനകം ചെലവഴിച്ചു;

(ഡി) മുൻ വർഷം ബഡ്ജറ്റിൽ വകയിരുത്തിയ മൊത്തം തുകയും ചെലവഴിക്കുകയുണ്ടായോ; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും മുൻവർഷം എന്ത് തുക തിരിച്ചുപിടിക്കുകയുണ്ടായി?

LIBRARY ARCHIVES Kerala Legislative Assembly